**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4205</u>** **<u>18-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് വ്യത്യസ്ത ശമ്പളം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഒരേ തസ്തികയിൽ ഒരേ ഉത്തരവാദിത്തമുള്ള ജോലി നിർവ്വഹിക്കുന്നവർക്ക് വ്യത്യസ്ത ശമ്പളം നൽകുന്നത് ബഹു.സുപ്രീം കോടതിയുടെ തുല്യ ജോലിക്ക് തുല്യ വേതനം സംബന്ധിച്ച വിവിധ വിധികൾക്ക് എതിരാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല** |
| (ബി) | ഡെപ്യൂട്ടി കളക്ടർ, അണ്ടർ സെക്രട്ടറി എന്നീ തസ്തികകളിൽ ജോലി നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരേക്കാൾ ജൂനിയറായ കെ.എ.എസ്. ഉദ്യോഗസ്ഥർക്ക് പ്രസ്തുത തസ്തികകളിൽ ഉയർന്ന ശമ്പളം നൽകുന്നത് അനീതിയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | കെ.എ.എസ്. തസ്തികയുടെ യോഗ്യത, നിയമന രീതി, കർത്തവ്യങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി ന്യായമായ ശമ്പള സ്കെയിലാണ് കെ.എ.എസ്. ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ളത്. ടി ശമ്പള സ്കെയിൽ നൽകുന്നത് സംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കെ.എ.എസ്. ഉദ്യോഗസ്ഥർ ജോലി ചെയ്യുന്ന വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തികകളുടെ ശമ്പള സ്കെയിൽ കെ.എ.എസ്. ജൂനിയർ ടൈം സ്കെയിലിനൊപ്പമാക്കി ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ